6. PRESENTATION OF REPORT

ELEVENTH REPORT OF THE COMMITTEE ON PRIVATE MEMBERS BILLS AND RESOLUTIONS

ശ്രീ. കെ. കെ. അബു: സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മറിയുടെ 11-ാമത്തെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുകയാണു്. കമ്മറിയിൽ വ്യക്തമായി ഭിന്നാഭിപ്രായം ഉണ്ടായതുകൊണ്ടു് ആ കമ്മിറി അംഗങ്ങളുടെ ഭിന്നാഭിപ്രായം കൂടി റിപ്പോർട്ടിൽ കൊള്ളിച്ചിരിക്കുകയാണു്.

Mr. Speaker: The Report is presented.

ശ്രീ. കെ.. കരുണാകരൻ: സർ, ഈ നിയമസഭാ സെക്രട്ടേറിയറിൽ പ്രശസ്ത സേവനം അനുഷ്ഠിച്ചുവന്നിരുന്ന ശ്രീ. എ. സുബ്രഹ്മണ്യ അയ്യർ ഇന്നു രാവിലെ നിര്യാതനായിട്ടുള്ളതിനെക്കുറിച്ചു് നാം അനുശോചനം ഇവിടെ രേഖപ്പെടുത്തിയതാണു്. ഇവിടത്തെ സ്റ്റാഫ് അംഗങ്ങൾ എല്ലാം വിഷമിച്ചു പറയാൻ കഴിയാത്തതുകൊണ്ടു് പറയാതിരിക്കുകയാണു്; അവർ അദ്ദേഹത്തിന്റെ മരണാനന്തര നടപടികളിൽ പങ്കുകൊള്ളണമെന്നു ആഗ്രഹിക്കുകയാണു്. അദ്ദേഹത്തിന്റെ ശവസംസ്ക്കാര ചടങ്ങിൽ പങ്കുകൊള്ളണമെന്നുള്ള ആഗ്രഹം അവർ അതിയായി പ്രകടിപ്പിക്കുന്നുണ്ടു്. നമ്മൾ എല്ലാവരും തന്നെ പങ്കെടുക്കേണ്ടതാണു് എന്നാണു് എന്റേയും അഭിപ്രായം. അതുകൊണ്ടു് അതിനു സൗകര്യം ഉണ്ടാക്കുന്നതിനായി ഈ സഭ ഇപ്പോൾ പിരിയണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

Shri K. M. George: We also wish to take part in it.

Mr. Speaker: I am going to take part in it half an hour later. അസംബ്ലി ഉടനെ പിരിയുന്നതിനെക്കുറിച്ചു് ഗവണ്മെന്റു ഭാഗത്തുനിന്നും എന്താണു് പറയുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: ഈ കാര്യത്തിൽ ഗവണ്മെന്റു അനുവർത്തിച്ചുവരുന്ന നയം സ്റ്റാഫിൽ ആരെങ്കിലും മരണമടയുകയാണെങ്കിൽ വൈകുന്നേരം നാലു മണി മുതൽ അവധി നൽകുക എന്നുള്ളതാണു്. അതുകൊണ്ടാണു് ഞാൻ പ്രത്യേകമായ അഭിപ്രായമൊന്നും പറയാതിരുന്നതു്.

ഈ സഭയിലെ ഒരംഗമായിരുന്ന ശ്രീ. ഗോവിന്ദൻ നമ്പ്യാർ നിര്യാതനായിട്ടുണ്ടു്. അദ്ദേഹത്തെ സംബന്ധിച്ച റഫറൻസും നടത്തേണ്ടതുണ്ടു്.

Mr. Speaker: If the hon. Minister has got any information, she can inform the House now.

ശ്രീമതി കെ. ആർ. ഗൗരി: 1957-ൽ പെരുന്തൽമണ്ണയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെമ്പറായിരുന്നു. മരിച്ചിട്ടു ഏതാണ്ടു് രണ്ടു മാസത്തോളമായി.

ശ്രീ. പി. പി. കൃഷ്ണൻ: സർ, ശ്രീ. ഗോവിന്ദൻ നമ്പ്യാർ 1957-ൽ പെരുന്തൽമണ്ണ താലൂക്കിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആളാണു്. അദ്ദേഹം കഴിഞ്ഞ ജൂലൈ മാസത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജു് ആശുപത്രിയിൽ വച്ചാണു് നിര്യാതനായതു്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നമുക്കെല്ലാവർക്കും അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്താൻ ഒരു മിനിട്ട് സമയം എഴുന്നേറ്റു നിൽക്കാം.

[The House then stood in silence for a minute as a token of respect to the memory of the departed.]

ശ്രീ. എം. കെ. എ. ഹമീദ്: പ്രൈവറ്റു മെമ്പേഴ്സ് ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് ഇവിടെ സമർപ്പിച്ചിരിക്കുകയാണ്. അതു ഇവിടെ ഇപ്പോഴെ ചർച്ച ചെയ്യുന്നുണ്ടോ? അതിനെപ്പറ്റി അഭിപ്രായം പറയാമോ?

മി. സ്പീക്കർ: അഡാപ്റ്റു ചെയ്യാനുള്ള മോഷൻ വരുമ്പോഴെ മതിയല്ലോ?

7. MEMBER SWORN

മി. സ്പീക്കർ: ഇനി മലമ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെമ്പർക്കു സത്യപ്രതിജ്ഞ ചെയ്യാം.

ശ്രീ. വി. കൃഷ്ണദാസ്: "വി. കൃഷ്ണദാസായ ഞാൻ നിയമസഭയിലെ ഒരു അംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമമനുസരിച്ചു സ്ഥാപിതമായിട്ടുള്ള ഇന്ത്യൻ സംവിധാനത്തോടു യഥാർത്ഥമായ വിശ്വാസവും കൂറും വഹിക്കുമെന്നും ഇന്ത്യയുടെ പ്രഭുത്വത്തേയും അഖണ്ഡതയേയും ഞാൻ നിലനിറുത്തുമെന്നും ഞാൻ പ്രവേശിക്കാൻ പോകുന്ന കർത്തവ്യം ശ്രദ്ധാപൂർവ്വം നിർവ്വഹിക്കുമെന്നും സഗൗരവം സത്യപ്രതിജ്ഞ ചെയ്യുന്നു."

Mr. Speaker: Till a seat is assigned, the new Member may occupy the Advocate-General's seat.

[The member then occupied the seat]

ശ്രീ. കെ. കരുണാകരൻ: സർ, ഇന്നു സഭയ്ക്കു മുടക്കം വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്പീക്കർ സാധാരണ വിളിച്ചു കൂട്ടാറുള്ളതുപോലെ പാർട്ടി ലീഡേഴ്സിനെയെല്ലാം വിളിച്ചുകൂട്ടി തീരുമാനിച്ചാൽ മതി.

ശ്രീ. ബി. മാധവൻ നായർ: ഈ നിയമസഭയിലെ സ്റ്റാഫിനെല്ലാം അതിൽ പങ്കുചേരണമെന്നു ആഗ്രഹമുള്ളതുകൊണ്ടു അതിനു സന്ദർഭം നൽകുന്നതിനായി സഭയ്ക്കു് അവധി നൽകണമെന്നാണു് പ്രതിപക്ഷ നേതാവു അഭിപ്രായപ്പെട്ടതുപോലെ എനിക്കും അഭിപ്രായപ്പെടാനുള്ളതു്.

Mr. Speaker: We will think about it in the Chamber. Meanwhile the discussion on the Kerala Land Reforms (Amendment) Bill may be continued.

LIBRARY ARCHIVES Kerala Legislative Assembly